ഗ്രാമ ന്യായാലയം മതിലകം, എറിയാട്
സാന്നിദ്ധ്യം: ശ്രീമതി. അപർണ ഉദയകുമാർ, ന്യായാധികാരി
തിയ്യതി: 2026 മാർച്ച് 17, ചൊവ്വ (1947 ഫാൽഗുനം 26)

.....................................................................................................................................

# CMP 01/2026 IN MC 08/2026

| | | |
|---|---|---|
| ഹർജ്ജിക്കാരി | : | റഷീദ, 63 വയസ്സ്, W/o പതിയാശ്ശേരി ഹബീബ്, കാര ദേശം, എടവിലങ്ങ് വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക് (അഡ്വ: കെ കെ അൻസാർ) |
| എതിർകക്ഷികൾ | : | 1. Dr.ബീമ ഹിലാൽ, 35 വയസ്സ്, D/o. കല്ലപടിക്കൽ ഹിലാൽ, കാഞ്ഞിരപ്പള്ളി വില്ലേജ്, ടി ദേശം & പി ഒ കാഞ്ഞിരപ്പള്ളി താലൂക്ക് (കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ പരിധി) & ഇപ്പോൾ കൊടുങ്ങല്ലൂർ താലൂക്ക്, ലോകമലേശ്വരം വില്ലേജ്, ചന്തപ്പുര ദേശത്ത്, 3-ാം വാർഡിൽ 553 -ാം നമ്പർ പുരയിൽ താമസിക്കുന്നു. (കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ പരിധി), Pin - 680664<br>2. Dr. ഹുസൈൻ ഹിലാൽ, 26 വയസ്സ്, S/o കല്ലപടിക്കൽ ഹിലാൽ, കാഞ്ഞിരപ്പള്ളി വില്ലേജ്, ടി ദേശം & കാഞ്ഞിരപ്പള്ളി താലൂക്ക്<br>3. ഹിലാൽ, 65 വയസ്സ്, S/o കല്ലപടിക്കൽ കാസിം പിള്ളൈ, കാഞ്ഞിരപ്പള്ളി വില്ലേജ്, ടി ദേശം & കാഞ്ഞിരപ്പള്ളി താലൂക്ക് |
| വകുപ്പ് | : | ഗാർഹിക പീഡനത്തിനുള്ള സ്ത്രീ സംരക്ഷണ നിയമം 2005, 23-ാം വകുപ്പ് |

## ഇടക്കാല ഉത്തരവ്

ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 23-ാം വകുപ്പ് പ്രകാരം ഹർജികക്ഷി ഇടക്കാല ആശ്വാസം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയാണിത്.

2. കേട്ടു. സത്യവാങ്മൂലവും അപേക്ഷയും പരിശോധിച്ചു, എതിർകക്ഷികൾ ഗാർഹിക പീഡനപ്രവർത്തികൾ ചെയ്തതോ അല്ലെങ്കിൽ ചെയ്യുന്നതോ അല്ലെങ്കിൽ ചെയ്യാൻ സാധ്യത ഉള്ളതോ ആയ ഒരു പ്രഥമദൃഷ്ട്യാ കേസ് ഹർജികക്ഷി സമർപ്പിച്ചതിൽ ഞാൻ സംതൃപ്തയാണ്. ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് നോട്ടീസ് നൽകിയാൽ കാലതാമസം കാരണം ഹർജിയുടെ ഉദ്ദേശം പരാജയപ്പെട്ടേക്കാം. വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ ഗാർഹിക പീഡനം തടയുന്നതിന് ഒരു ഇടക്കാല ഉത്തരവ് ആവശ്യമാണെന്നതിന് ഞാൻ സംതൃപ്തയാണ്. അതിനാൽ ഈ ഹർജി തീർപ്പാക്കുന്നതുവരെ ഇനിപ്പറയുന്ന രീതിയിൽ ഈ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>എതിർകക്ഷികളെ ഇതിനാൽ തടഞ്ഞിരിക്കുന്നു:-</u>**

i. ഹർജ്ജിപട്ടിക വഹകളായ എടവിലങ്ങ് പഞ്ചായത്തിലെ 14-ാം വാർഡിലെ (ഇപ്പോൾ 16-ാം വാർഡ്) 14-ാം നമ്പർ പുരയിൽ സ്ഥിതിചെയ്യുന്ന ഷെയേർഡ് ഹൗസ് ഹോൾഡിൽ, ഹർജിക്കാരിയെയും ഭർത്താവിനെയും എതിർകക്ഷികൾ യാതൊരു തരത്തിലുള്ള ശാരീരികമോ മാനസികമോ ആയ ഗാർഹിക

അതിക്രമങ്ങൾ ചെയ്യു പോകരുതെന്നും, ഹർജിക്കാരിയെയും ഭർത്താവിനെയും പ്രസ്തുത ഷെയേർഡ് ഹൗസ് ഹോൾഡിൽ നിന്ന് പുറത്താക്കരുതെന്നും, അവരുടെ സമാധാനപരമായ ജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന തരത്തിലുള്ള യാതൊരു പ്രവൃത്തികളും ചെയ്യരുതെന്നും എതിർകക്ഷികളെ വിലക്കി ഉത്തരവായിരിക്കുന്നു.

3. എതിർകക്ഷികൾക്ക് എക്സ്പാർട്ടി ഇടക്കാല ഉത്തരവിന്റെ പകർപ്പ് സഹിതം നോട്ടീസ് അയക്കണം.

4. ഈ ഉത്തരവിൻെറ സൗജന്യ പകർപ്പ് ഹർജികക്ഷിക്കും Protection Officer-ക്കും കൈമാറുകയും ആവശ്യമെങ്കിൽ ഹർജികക്ഷിക്ക് ആവശ്യമായ സംരക്ഷണം നൽകാനും ഉത്തരവ് നടപ്പാക്കാനും ഈ ഉത്തരവിൻെറ പകർപ്പ് കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷന്റെ S.H.O ക്കും നൽകേണ്ടതാണ്.

5. എതിർകക്ഷികൾക്ക് നോട്ടീസ് അയച്ചുവരാനായി 31.03.2026 ലേയ്ക്ക് മാറ്റിയിരിക്കുന്നു.,

(കോൺഫിഡൻഷ്യൽ അസിസ്റ്റൻറിനെക്കൊണ്ട് പറഞ്ഞ് എഴുതിക്കുകയും ടൈപ്പ് ചെയ്യിക്കുകയും, ഞാൻ തിരുത്തുകയും 2026 മാർച്ച് 17 ന് കോടതിയിൽ ഉത്തരവായിരിക്കുന്നു.)

Sd/-
ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

//ശരിപകർപ്പ്//

ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

<u>ഇതിലേക്ക് പകർത്തുക:-</u>

1. Protection Officer
2. S.H.O കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ
3. പരാതിക്കാരി
4. എതിർകക്ഷികൾ

CMP 01/2026 IN MC 08/2026
Dated: 2026 മാർച്ച് 17